(ബി) ഇല്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിലേക്ക് നാളിതുവരെ എന്തൊക്കെ നടപടികൾ പൂർത്തിയാക്കിയെന്നും, എപ്പോൾ പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കാമോ;

(സി) അന്തിമരൂപം നൽകുന്നതിനുമുമ്പ് പൊതുജനാഭിപ്രായം ആരായുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എപ്രകാരം നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ വിവിധ ഡിവിഷനുകളിലായി 'വിഷൻ-2025' എന്ന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്. പൊതുജനസംഘടനകളുടെയും പൊതു പ്രവർത്തകരുടെയും അഭിപ്രായം ആരാഞ്ഞതിനുശേഷം മാത്രമേ ഇതിന് അന്തിമരൂപം നൽകുകയുള്ളൂ.

ഇൻഫോപാർക്ക് വിൽക്കാനുള്ള തീരുമാനം

36 [2379] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
ശ്രീ. കെ. വി. സതീശ് ചന്ദ്രൻ:
,, *ടി. വി. രാമകൃഷ്ണൻ:*
,, *സാജുപോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനാട്ടുള്ള " ഇൻഫോപാർക്ക് " ദുബായ് സ്മാർട്ട് സിറ്റിക്ക് വിൽക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാർക്ക് വിൽക്കുന്നതിന് മുൻപ് അതിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) എത്ര ഏക്കർ സ്ഥലമാണ് ദുബായ് സ്മാർട്ട് സിറ്റിക്ക് വിൽക്കുന്നത്;

(ഡി) ഇൻഫോപാർക്കിന്റെ വികസനത്തിനായി സർക്കാർ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) സ്മാർട്ട് സിറ്റിക്ക് ഭൂമി കൊടുക്കുന്നതു സംബന്ധിച്ച് സർക്കാർ ഉണ്ടാക്കിയിട്ടുള്ള കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തീരുമാനം എടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നതേയുള്ളൂ.

(ബി) തീരുമാനമെടുത്തശേഷം അന്തിമമായ മൂല്യനിർണ്ണയം അംഗീകൃത മാർഗ്ഗരേഖകൾ അനുസരിച്ച് നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇൻഫോപാർക്കിന്റെ 91 ഏക്കർ സ്ഥലമുൾപ്പെടെ ഏകദേശം 400 ഏക്കർ സ്ഥലമാണ് കൊച്ചി സ്മാർട്ട് സിറ്റിയുടെ ഒന്നാംഘട്ട നിർമ്മാണത്തിന് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) നാളിതുവരെ ഇൻഫോപാർക്കിന്റെ വികസനത്തിനായി കിൻഫ്രയും ഇൻഫോപാർക്കുംകൂടി ഏകദേശം 65 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) കരാറുകൾ ഒന്നും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ചർച്ചകൾ നടക്കുന്നതേയുള്ളൂ.

കായികതാരങ്ങൾക്ക് ജോലി

37 [2382] *ശ്രീ. വി. സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറൽ അഡ്മിനിസ്ട്രേഷൻ (സർവീസസ്-ഡി) ഡിപ്പാർട്ട്മെന്റ് ഗവൺമെന്റ് ഓഫ് കേരള ഉത്തരവ് നമ്പർ 5/515/എസ്. ഡി1/1998/ജി.എ.ഡി. തീയതി 25-11-1998-ലെ ഉത്തരവ് പ്രകാരം 1990-നും 1996-നും ഇടയിൽ സ്പോർട്സ്/ഗയിംസിൽ നല്ല നിലവാരം പുലർത്തിയ എത്ര കായിക താരങ്ങളെ സർക്കാർ വിവിധ വകുപ്പുകളിൽ നിയമിച്ചിട്ടുണ്ട്; ഇനം തിരിച്ച്, ഓരോ വകുപ്പിലും ആരെയൊക്കെ എന്തൊക്കെ ഡിസിപ്ലിനുകളിലാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) 23-12-2003-ലെ 54735/എസ്.ഡി1/03/ജിഎഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം എത്ര കായികതാരങ്ങളെ സർക്കാർ സർവ്വീസിൽ എടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇവരുടെ പേരുകളും, ഡിസിപ്ലിനുകളും തിരിച്ച് ഡിപ്പാർട്ടുമെന്റുകളും ഏതെന്ന് വ്യക്തമായി അറിയിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) 2003-ലെ ഉത്തരവ് പ്രകാരം നാഷണലിൽ കേരളത്തെ പ്രതിനിധാനം ചെയ്യുന്ന കായികതാരങ്ങൾക്ക് ജോലിക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓരോ ഡിസിപ്ലിനുകളിലും നാഷണലിൽ പങ്കെടുത്തവർക്കുകൂടി ജോലിക്ക് അപേക്ഷിക്കാൻ അവസരം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രഗൽഭരായ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 1990-1996 കാലയളവിൽ പ്രകടിപ്പിച്ച കായികമികവിന്റെ അടിസ്ഥാനത്തിൽ, ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 25-11-1998-ൽ 5/515/എസ് ഡി1/98/ജിഎഡി നമ്പർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷകളിൽനിന്ന് ഏറ്റവും മികച്ച 100 പേരെ തെരഞ്ഞെടുത്ത്, നിയമനം നൽകിക്കൊണ്ട് 17-3-2001-ൽ ജി.ഒ. (എംഎസ്.) 105/01/ജി.എ.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly